**പതിമൂന്നാം കേരള നിയമസഭ**
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 757 12-06-2013 - ൽ മറുപടിയ്ക്ക്

## <u>മരുന്നുകളുടെ വിപണനവും വില നിയന്ത്രണവും</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.തിലോത്തമൻ<br>ശ്രീ.കെ.അജിത്<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കുറഞ്ഞ ചെലവിൽ ഉൽപ്പാദിപ്പിക്കുന്ന മരുന്നുകൾ കൂടിയ വിലയ്ക്ക് മെഡിക്കൽ സ്റ്റോറുകളിൽ വിറ്റഴിച്ചു കൊണ്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br>(ബി) മരുന്നുകളുടെ വിപണനരംഗത്ത് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങളുണ്ടോ; | (എ)& (ബി) നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി വില നിശ്ചയിച്ചിട്ടുള്ളത് 74 മരുന്നുകൾക്കും അവയുടെ കോമ്പിനേഷനുകൾക്കും 348 അവശ്യമരുന്നുകൾക്കും മാത്രമാണ്. ശേഷിച്ച മരുന്നുകൾ ഉൽപ്പാദകർ നിശ്ചയിക്കുന്ന വിലയിലാണ് വിറ്റഴിക്കപ്പെടുന്നത്. ആയതിനാൽ വിലനിയന്ത്രണമില്ലാത്ത മരുന്നുകൾ എം.ആർ.പി.യിൽ കൂടുതൽ ഈടാക്കി മരുന്നു വിൽപ്പന നടത്തുന്നില്ലായെന്ന് പരിശോധിച്ചു ഉറപ്പു വരുത്താനേ കഴിയൂ. |
| (സി) അവശ്യമരുന്നുകളുടെ വില നിയന്ത്രണത്തിൽ ഏകീകത നയം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) നിലവിലുള്ള 74 മരുന്നുകൾക്കും അവയുടെ കോമ്പിനേഷനുകൾക്കും പുറമെ 348 അവശ്യ മരുന്നുകൾ കൂടി നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി വിലനിയന്ത്രണ പരിധിയിൽ കൊണ്ടു വന്നിട്ടുണ്ട്. അവ പ്രാവർത്തികമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ